# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 321 20.06.2019-ലെ മറുപടിക്ക്

**വിദേശരാജ്യങ്ങളിൽ തൊഴിൽ അന്വേഷിക്കുന്നവർക്കുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ<br>ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.എം.മുകേഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിദേശരാജ്യങ്ങളിൽ തൊഴിൽ അന്വേഷിക്കുന്നവർക്ക് വിദേശ തൊഴിൽ അവസരങ്ങൾ, തൊഴിൽ നിയമങ്ങൾ, വിസ സ്റ്റാംമ്പിംഗ്, ഇമിഗ്രേഷൻ, കസ്റ്റംസ് ക്ലിയറൻസ് തുടങ്ങിയവയെക്കുറിച്ച് അറിവ് നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) വിദേശരാജ്യങ്ങളിൽ തൊഴിൽ അന്വേഷിക്കുന്നവർക്ക് വിദേശ തൊഴിൽ അവസരങ്ങൾ, തൊഴിൽ നിയമങ്ങൾ, വിസ സ്റ്റാംമ്പിംഗ്, ഇമിഗ്രേഷൻ, കസ്റ്റംസ് ക്ലീയറൻസ് തുടങ്ങിയവയെക്കുറിച്ച് അറിവ് നൽകുന്നതിനായി പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലന പരിപാടികൾ വിദേശകാര്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നോർക്ക-റൂട്ട്സ്, ഒഡെപെക് എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നു. ഇത് വിപുലീകരിക്കാനും സെന്റർ ഫോർ മാനേജ്മെന്റ് & ഡെവലപ്മെന്റിന്റെ സഹകരണത്തോടെ ഈ സാമ്പത്തിക വർഷം 14 ജില്ലകളിലും ബോധവൽക്കരണ പരിപാടി നടത്താനും തീരുമാനിച്ചിട്ടുണ്ട്. പരിശീലകർക്ക് വിദേശകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് ദ്വിദിന പരിശീലന പരിപാടിയും |

സംഘടിപ്പിച്ചിരുന്നു. ഒഡെപെക്-ന്റെ ആഭിമുഖ്യത്തിൽ എറണാകുളം കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ ട്രെയിനിംഗ് സെന്റർ മുഖേന വിദേശത്തേയ്ക്ക് തൊഴിൽ തേടി പോകുന്നവർക്കായി ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. എമിഗ്രേഷൻ ക്ലിയറൻസ് നേടുന്നതിന്റെ ഭാഗമായി ഓരോ ഉദ്യോഗാർത്ഥിയേയും പ്രസ്തുത ക്ലാസ്സുകളിൽ നിർബന്ധമായും പങ്കെടുപ്പിക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്.

(ബി) നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് തുടങ്ങിയവയെക്കുറിച്ച് ശരിയായ ബോധവത്ക്കരണം നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) നോർക്ക-റൂട്ട്സ്, ഒഡെപെക് എന്നിവ മുഖേന നടത്തിവരുന്ന പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലന പരിപാടിയിലൂടെ നിയമാ നുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് തുടങ്ങിയവയെക്കുറിച്ച് ശരിയായ ബോധവത്ക്കരണം നടത്തിവരുന്നുണ്ട്. വിദേശ തൊഴിൽ ദാതാവിൽ നിന്നും ഓരോ തൊഴിലിനനുസരിച്ചുള്ള നിയമങ്ങളും തൊഴിലാളിക്കു നൽകുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടുന്ന ഡിമാന്റ് ലെറ്റർ, പവർ ഓഫ് അറ്റോർണി എന്നിവ ശേഖരിക്കുകയും റിക്രൂട്ട്മെന്റിന്റെ ഭാഗമായി തൊഴിലുടമയും റിക്രൂട്ടിംഗ് ഏജൻസിയും സ്വീകരിക്കേണ്ട നിയമങ്ങൾ നിർദ്ദേശിക്കുന്ന കരാറിൽ ഒപ്പു വയ്ക്കുകയും ചെയ്യുവരുന്നു. വിദേശ തൊഴിൽ ദാതാവും റിക്രൂട്ടിംഗ്

ഏജൻസിയും തൊഴിലാളിയും സംയുക്തമായി വിദേശകാര്യ മന്ത്രാലയത്തിന്റെ ഇ-മൈഗ്രേറ്റ് സംവിധാനത്തിൽ നിന്നും ലഭിക്കുന്ന തൊഴിൽ കരാറിൽ ഒപ്പു വയ്ക്കുന്നുണ്ട്. കൂടാതെ തൊഴിലന്വേഷകർ കബളിപ്പിക്കപ്പെടുന്നത് ഒഴിവാക്കാൻ വിദേശരാജ്യങ്ങളിലെ വിവിധ സർക്കാർ/സർക്കാർ ഇതര ഏജൻസികളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തുവരുന്നുണ്ട്. പത്രമാധ്യമങ്ങൾ, എഫ്.എം. റേഡിയോ, സിനിമാ തീയറ്ററുകൾ എന്നിവയിലൂടെ വിദേശ തൊഴിൽ അന്വേഷകർക്ക് ഉതകുന്ന ബോധവൽക്കരണ പരസ്യങ്ങളും നൽകി വരുന്നുണ്ട്.

(സി) വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കുംവിധം വിദേശ തൊഴിൽ മേഖലയ്ക്ക് അനുസൃതമായ എന്തെല്ലാം നൈപുണ്യവികസന പരിശീലന പരിപാടികളാണ് സംസ്ഥാനത്ത് സംഘടിപ്പിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

(സി) കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം വിദേശ തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്ക വിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കേരളീയ പ്രവാസികാര്യ വകുപ്പ് നോർക്ക-റൂട്ട്സ് മുഖേന സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം & റീ ഇന്റഗ്രേഷൻ പ്രോഗ്രാം എന്നിവ നടപ്പാക്കിവരുന്നു. നിശ്ചിത സാങ്കേതിക യോഗ്യത ഉള്ളവർക്ക് വിദേശത്ത്, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിൽ സാങ്കേതിക വിദ്യ പകർന്നുകൊടുക്കുകയാണ് ഇതിന്റെ ലക്ഷ്യം. കേരള സർക്കാരിന്റെ വ്യാവസായിക

പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.റ്റി.ഐ.), പോളിടെക്നിക്ക് കോളേജുകൾ, എൽ.ബി.എസ്. സെന്ററുകൾ എന്നിവയുമായി സഹകരിച്ചാണ് ഈ പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നത്. സാങ്കേതിക വൈദഗ്ധ്യം നൽകുക, അറബ്-ഇംഗ്ലീഷ് ഭാഷകൾ, നിയമ നടപടികൾ, വിസ, തൊഴിൽ കരാർ മുതലായവ സംബന്ധിച്ച് ബോധവൽക്കരണം നൽകുക എന്നിവയും ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നു. യു.കെ., അയർലണ്ട് എന്നീ രാജ്യങ്ങളിലെ നഴ്സിംഗ് മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കായി ഒഡെപെക് മുഖേനയും, ഗൾഫ് രാജ്യങ്ങളായ സൗദി അറേബ്യ, ഒമാൻ, യു.എ.ഇ., ഖത്തർ, കുവൈറ്റ് എന്നിവിടങ്ങളിലെ ആരോഗ്യ മേഖലയിൽ തൊഴിൽ നേടാനാഗ്രഹിക്കുന്നവർക്കായി കേരള അക്കാഡമിക് സ്കിൽസ് എക്സലൻസ്(കെ.എ.എസ്.ഇ.) എന്ന സ്ഥാപനം മുഖേനയും പരീക്ഷാ പരിശീലനം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ